**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1462** **11-09-2023 - ൽ മറുപടിയ്ക്ക്**

**പഠനനിലവാരം ഉയർത്താനും ഒഴിവുകൾ നികത്താനും നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാസ മേഖലയിൽ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇതിനകം ചെയ്ത പ്രവർത്തികളും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും വിശദമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ മേഖലയിൽ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനം മുതൽ അക്കാദമിക് മോണിറ്ററിംഗ് വരെയുള്ള മേഖലകളിൽ സമഗ്രമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പും അനുബന്ധ ഏജൻസികളായ എസ്.സി.ഇ.ആർ.ടി, എസ്.എസ്.കെ, ഡയറ്റ്, കൈറ്റ്, സീമാറ്റ്, എസ്.ഐ.ഇ.ടി എന്നിവർ സംയുക്തമായും തനതു പ്രവർത്തനങ്ങൾ ആവിഷ്കരിച്ചും നടപ്പിലാക്കുന്നുണ്ട്. കരിക്കുലം റിവിഷൻ, പാഠപുസ്തക പരിഷ്കരണം, അധ്യാപകരുടെ പ്രീസർവ്വീസ് ഇൻസർവ്വീസ് ട്രയിനിംഗുകൾ, എന്നിവ എസ്.സി.ഇ.ആർ.ടി വഴിയും അടിസ്ഥാന സൗകര്യ വികസനത്തിനൊപ്പം ഡിജിറ്റൽ പഠനത്തിനും ബോധനത്തിനും ആവശ്യമായ സൗകര്യങ്ങൾ കൈറ്റ് വഴിയും ലഭ്യമാകുന്നു. സമഗ്രശിക്ഷയുടെ നേതൃത്വത്തിൽ പ്രൈമറി/ സെക്കന്ററി/ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഗുണനിലവാരത്തിൽ പ്രത്യേക ഊന്നൽ നൽകി നിരവധി പദ്ധതികൾ പഠനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ചെയ്തു വരുന്നു. അക്കാദമിക് നിലവാരം ഉയർത്തുന്നതിനും അധ്യാപകരുടെ പരിശീലനത്തിനും എസ്.എസ്.കെ യുടെ ആഭിമുഖ്യത്തിലുള്ള STARS പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. വിദ്യാകിരണം പദ്ധതിയിലൂടെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനവും വിവിധ അക്കാദമിക് നിലവാരം ഉയർത്തുന്ന പദ്ധതികളും നടപ്പിൽ വരുത്തുന്നുണ്ട്. ഇതു കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളായ ശ്രദ്ധ, ഫോക്കസ് സ്കൂൾ, മോഡൽ സ്കൂൾസ്, മോഡൽ ഇൻക്ലൂസീവ് സ്കൂൾ, സ്പെഷ്യൽ എൻറിച്ച്മെന്റ് പ്രോഗ്രാം എന്നിവയിലൂടെ അക്കാദമിക് നിലവാരം ഉയർത്തി വിദ്യാഭ്യാസ മേഖലയിൽ മറ്റ് |

സംസ്ഥാനങ്ങൾക്ക് മാതൃക ആകുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്.

ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ അക്കാദമിക് നിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിക്കപ്പെട്ട പദ്ധതിയാണ് EAP (Enhancement of Academic Programme)

2023-24 വർഷത്തിൽ EAP യുടെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ നടത്താൻ ഉദ്ദേശിക്കുന്നു.

1. HSST: Higher Secondary School Teachers Transformation Programme. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് പത്ത് ദിവസത്തെ റസിഡൻഷ്യൽ പരിശീലന പരിപാടി

2. Promotion of Research Among Higher Secondary School Teachers (Mini Research Project)

3. Academic Monitoring- Training for Officers and Educational visits to all schools.

പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതോടൊപ്പം നിലവിൽ വിവിധ ഏജൻസികൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ തുടരുവാനും സംസ്ഥാന തലം മുതൽ വിദ്യാലയതലം വരെയുള്ള അക്കാദമിക മോണിറ്റിംഗ് ശാക്തീകരിക്കുവാനും നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഇദം പ്രഥമമായി ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് (NSQF) അധിഷ്ഠിതമായ വൊക്കേഷണൽ കോഴ്സുകൾ പരിശീലിപ്പിക്കുവാൻ 2018-19 വിദ്യാഭ്യാസ വർഷം മുതൽ ആരംഭിച്ചു.

വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി.

**Quality Enhancement Programme**

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പഠന സഹായ പദ്ധതി.

**Industry Academic Partnership**

വൊക്കേഷണൽ വിഷയങ്ങളുടെ പഠനം കൂടുതൽ അനുഭവ വേദ്യവും വ്യവസായ ബന്ധിയുമാക്കുന്ന തരത്തിൽ ഓരോ എൻ.എസ്.ക്യു.എഫ് കോഴ്സുമായും ബന്ധപ്പെട്ട വ്യവസായത്തെ സ്കൂളുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങളാണിവ.

On the job Training Expert Interaction, Industry Visits, Panel discussion with Industries എന്നിവ ഉദാഹരണങ്ങളാണ്.

**Professional development Programme for teachers**

വൊക്കേഷണൽ വിഭാഗം അധ്യാപകർക്ക് അതതു വ്യവസായ മേഖലകളിലെ Professionalism വളർത്തുന്നതിന് സഹായകരമായ വിധത്തിൽ Industry linked ആയ പരിശീലനമാണിത്.

**Promising English:** വിഎച്ച്എസ്ഇ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനവും ആശയ വിനിമയ ശേഷിയും മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക പരിപാടി.

**Positive Parenting**പഠന കാര്യങ്ങളിൽ യാഥാർത്ഥ്യ ബോധത്തോടെയും ആശയപരമായ വ്യക്തതയോടെയും ഇടപെടുന്നതിന് രക്ഷകർത്താക്കളെ പ്രാപ്തരാക്കുന്ന പരിപാടി

**Skill Day- Vocational Expo**

വൊക്കേഷണൽ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ, സേവനങ്ങൾ, പഠന തുടർച്ചയായി ലഭിക്കാവുന്ന ഉപരി പഠന സാദ്ധ്യതകൾ, തൊഴിൽ സാദ്ധ്യതകൾ എന്നിവ സംബന്ധിച്ച് പൊതു ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും തുടർന്ന് മേഖലാ സംസ്ഥാന തലങ്ങളിലും സംഘടിപ്പിക്കുന്ന പ്രദർശന വില്പന മേളകളാണ് ഇവ.

**Digital Content & Learning Material Development**

State Institute of Educational Technology (SIET) യുടെ സഹായത്തോടെ വൊക്കേഷണൽ പഠന ഭാഗങ്ങളേയും പഠന പ്രവർത്തനങ്ങളേയും digitalizeചെയ്യുന്ന പ്രവർത്തനം വലിയ മതിപ്പുളവാക്കുകയും പഠനം

| | | | |
|---|---|---|---|
| | | | ആയാസകരമല്ലാതെയാക്കുന്നതിൽ സഹായിക്കുകയും ചെയ്യുന്നു. |
| (ബി) | സർക്കാർ സ്കൂളുകളിൽ ഒഴിഞ്ഞ് കിടക്കുന്ന അധ്യാപക, അനധ്യാപക തസ്തികകൾ എത്രയുണ്ടെന്നും പഠന നിലവാരം ഉയർത്തുന്നതിന് വേണ്ടി ഇത് എന്നത്തേക്ക് നികത്താൻ കഴിയും എന്നുമുള്ള വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ബി) | സർക്കാർ സ്കൂളുകളിൽ എൽ.പി, യു.പി., ഹൈസ്കൂൾ തലങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന അധ്യാപക/ പ്രധാനാധ്യാപക തസ്തികകളുടെ വിവരങ്ങൾ അനുബന്ധം 1 ആയും അനധ്യാപക തസ്തികകളുടെ വിവരങ്ങൾ അനുബന്ധം 2 ആയും ഹയർസെക്കന്ററി തലത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിവരങ്ങൾ അനുബന്ധം 3 ആയും വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ വിവരങ്ങൾ അനുബന്ധം 4 ആയും ചേർത്തിരിക്കുന്നു. പ്രസ്തുത ഒഴിവുകളുടെ നിയമാനുസൃത വിഹിതം യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതാണ്. പി.എസ്.സി ലിസ്റ്റ് നിലവിലില്ലാത്ത അധ്യാപക തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപക നിയമനം നടത്തിയിട്ടുണ്ട്. പ്രധാന അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുവേണ്ട സെലക്റ്റ് ലിസ്റ്റ് 04.08.2023 ൽ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ഒഴിവുകളിൽ നിയമനം നടത്തുന്നതിനായുള്ള നടപടികൾ നടന്നു വരുന്നു.<br><br>സർക്കാർ ഹയർ സെക്കന്ററി അധ്യാപക നിയമനം സംസ്ഥാനതലത്തിൽ ആണ്. ആയതിനാൽ സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ അധ്യാപകർ/ പ്രിൻസിപ്പൽ നിയമനം, ട്രാൻസ്ഫർ എന്നിവ മുഖേന നിയമനങ്ങൾ നടത്തപ്പെടുന്നതിനാൽ ഒഴിവുകളുടെ എണ്ണത്തിൽ കാലാകാലങ്ങളിൽ മാറ്റം ഉണ്ടാകുന്നു. |
| (സി) | എയിഡഡ് സ്കൂളുകളിൽ എത്ര അധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കാതെ കിടക്കുന്നുണ്ടെന്ന വിശദാംശങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കുമോ; നിയമനാംഗീകാരം വേഗത്തിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ; | (സി) | എയ്ഡഡ് സ്കൂളുകളിൽ നിയമനങ്ങൾ അംഗീകരിക്കാതെ കിടക്കുന്ന അധ്യാപകരുടെ വിവരങ്ങൾ ജില്ല തിരിച്ച് അനുബന്ധം 5 ആയി ചേർത്തിരിക്കുന്നു.<br><br>സംസ്ഥാനത്ത് ഒട്ടാകെ നിയമനാംഗീകാരം ലഭിക്കാത്ത 8565എയ്ഡഡ് സ്കൂൾ അധ്യാപകർ ഉണ്ട്. മാനേജർമാർ നടത്തിയ നിയമാനുസൃത നിയമനങ്ങൾ ഭിന്നശേഷി സംവരണ വ്യവസ്ഥകൾകൂടി പാലിച്ച് അംഗീകാര നടപടികൾ ത്വരിതപ്പെടുത്തുന്നതിനു നടപടികൾ എടുത്തിട്ടുണ്ട്. |
| (ഡി) | പശ്ചാത്തല സൗകര്യ വികസനത്തിന്റെ ഭാഗമായി സർക്കാർ പ്രൈമറി വിദ്യാലയങ്ങളുടെ കെട്ടിട നിർമ്മാണത്തിന് പുതിയ പാക്കേജ് ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | നിലവിൽ പ്ലാൻ ഫണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തി നടത്തുന്ന പ്രവൃത്തികളിൽ പ്രൈമറി സ്കൂളുകളും ഉൾപ്പെടുന്നുണ്ട്. പുതിയ പാക്കേജ് ഉണ്ടാക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. |
| (ഇ) | സ്വന്തമായി ഭൂമി ഇല്ലാത്ത പ്രൈമറി സ്കൂളുകൾക്ക് ഭൂമി | (ഇ) | 2019-ലെ ബഡ്ജറ്റ് ഖണ്ഡിക 104 പ്രകാരം |

| | | | |
|---|---|---|---|
| | വാങ്ങുന്നതിന് പ്രത്യേക പരിഗണന നൽകുമോ എന്ന് വ്യക്തമാക്കുമോ? | | സ്വന്തമായി സ്ഥലം ഇല്ലാത്തതും സ്ഥലപരിമിതിയുള്ളതുമായ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ആയതിൽ സംസ്ഥാനത്തെ അർഹമായ എല്ലാ സ്കൂളുകളേയും ഉൾപ്പെടുത്തി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| ക്രമ നമ്പർ | ജില്ല | സർക്കാർ സ്കൂളിൽ ഒഴിഞ്ഞ് കിടക്കുന്ന അധ്യാപക തസ്തികകളുടെ എണ്ണം | സർക്കാർ സ്കൂളിൽ ഒഴിഞ്ഞ് കിടക്കുന്ന പ്രധാനാധ്യാപക തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 832 | 3 |
| 2 | കൊല്ലം | 219 | 15 |
| 3 | പത്തനംതിട്ട | 90 | 18 |
| 4 | ആലപ്പുഴ | 178 | 17 |
| 5 | കോട്ടയം | 135 | 37 |
| 6 | ഇടുക്കി | 64 | 38 |
| 7 | എറണാകുളം | 277 | 28 |
| 8 | തൃശ്ശൂർ | 110 | 5 |
| 9 | പാലക്കാട് | 546 | 5 |
| 10 | മലപ്പുറം | 551 | 1 |
| 11 | കോഴിക്കോട് | 354 | ഇല്ല |
| 12 | വയനാട് | 166 | 7 |
| 13 | കണ്ണൂർ | 299 | 4 |
| 14 | കാസർകോട് | 497 | 16 |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം- 2

സർക്കാർ സ്കൂളുകളിൽ ഒഴിഞ്ഞു കിടക്കുന്ന അനധ്യാപക തസ്തികകൾ

| ക്രമ നമ്പർ | ജില്ല | ഒഴിഞ്ഞുകിടക്കുന്ന അനധ്യാപക തസ്തികകൾ | | | | |
|---|---|---|---|---|---|---|
| | | ഓഫീസ് അറ്റൻഡന്റ് | എൽ.ഡി. ക്ലാർക്ക് | പി.റ്റി.സി.എം | എഫ്.റ്റി.എം | ആകെ |
| 1 | തിരുവനന്തപുരം | 28 | 9 | 12 | 30 | 79 |
| 2 | കൊല്ലം | 8 | 4 | 0 | 0 | 12 |
| 3 | പത്തനംതിട്ട | 13 | 4 | 17 | 3 | 37 |
| 4 | ആലപ്പുഴ | 6 | 1 | 14 | 9 | 30 |
| 5 | കോട്ടയം | 1 | 2 | 0 | 0 | 3 |
| 6 | എറണാകുളം | 10 | 5 | 8 | 9 | 32 |
| 7 | ഇടുക്കി | 5 | 0 | 0 | 0 | 5 |
| 8 | വയനാട് | 5 | 2 | 0 | 0 | 7 |
| 9 | തൃശ്ശൂർ | 8 | 2 | 0 | 0 | 10 |
| 10 | പാലക്കാട് | 15 | 0 | 0 | 0 | 15 |
| 11 | മലപ്പുറം | 19 | 7 | 37 | 3 | 66 |
| 12 | കോഴിക്കോട് | 21 | 4 | 11 | 5 | 41 |
| 13 | കണ്ണൂർ | 1 | 0 | 15 | 11 | 27 |
| 14 | കാസർകോട് | 11 | 3 | 0 | 0 | 14 |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം- 3

സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലെ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന അധ്യാപക/ലാബ് അസിസ്റ്റന്റ് തസ്തികയുടെ വിവരങ്ങൾ

| ക്രമ നമ്പർ | ജില്ല | നിലവിലെ ഒഴിവ് വിവരങ്ങൾ | | |
|---|---|---|---|---|
| | | HSST Junior | HSST | Lab Assistant |
| 1 | Thiruvananthapuram | 35 | 32 | 16 |
| 2 | Kollam | 35 | 24 | 08 |
| 3 | Pathanamthitta | 09 | 03 | 11 |
| 4 | Alappuzha | 17 | 13 | 15 |
| 5 | kottayam | 11 | 17 | 08 |
| 6 | Idukki | 28 | 25 | 11 |
| 7 | Ernakulam | 24 | 19 | 39 |
| 8 | Thrissur | 36 | 23 | 24 |
| 9 | Palakkad | 41 | 28 | 27 |
| 10 | Kozhikode | 32 | 41 | 32 |
| 11 | Malappuram | 57 | 54 | 32 |
| 12 | Wayanad | 19 | 27 | 04 |
| 13 | Kannur | 52 | 48 | 12 |
| 14 | Kasargod | 35 | 49 | 20 |

സെക്ഷൻ ഓഫീസർ

## അനുബന്ധം 4

വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം

| ക്രമ നമ്പർ | ജില്ല | അധ്യാപക തസ്തികകൾ | അനധ്യാപക തസ്തികകൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 6 | 1 |
| 2 | കൊല്ലം | 6 | - |
| 3 | ആലപ്പുഴ | 6 | - |
| 4 | പത്തനംതിട്ട | 1 | 1 |
| 5 | കോട്ടയം | 14 | - |
| 6 | ഇടുക്കി | 12 | - |
| 7 | എറണാകുളം | 6 | - |
| 8 | തൃശ്ശൂർ | 8 | 1 |
| 9 | പാലക്കാട് | 14 | - |
| 10 | കോഴിക്കോട് | 58 | - |
| 11 | മലപ്പുറം | 35 | - |
| 12 | വയനാട് | 14 | - |
| 13 | കണ്ണൂർ | 35 | - |
| 14 | കാസർകോട് | 9 | 1 |

സെക്ഷൻ ഓഫീസർ

## അനുബന്ധം- 5

| ക്രമ നമ്പർ | ജില്ല | നിയമനാംഗീകാരം ലഭിക്കാത്ത എയ്ഡഡ് സ്കൂൾ അധ്യാപകരുടെ എണ്ണം. |
|---|---|---|
| 1 | തിരുവനന്തപുരം | 687 |
| 2 | കൊല്ലം | 585 |
| 3 | പത്തനംതിട്ട | 305 |
| 4 | ആലപ്പുഴ | 479 |
| 5 | കോട്ടയം | 656 |
| 6 | ഇടുക്കി | 770 |
| 7 | എറണാകുളം | 622 |
| 8 | തൃശ്ശൂർ | 753 |
| 9 | പാലക്കാട് | 471 |
| 10 | മലപ്പുറം | 544 |
| 11 | കോഴിക്കോട് | 1088 |
| 12 | വയനാട് | 301 |
| 13 | കണ്ണൂർ | 995 |
| 14 | കാസർകോട് | 309 |
| | ആകെ | 8565 |

സെക്ഷൻ ഓഫീസർ